01/12/21..

12/11/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


## ഹർജി നമ്പർ CP No. 190(6)/2021/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4383/എസ്.ഐ.സി-ജി 5/2021**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.എൻ. വിശ്വംഭരൻ,
പേരേപറമ്പ്,
നെല്ലിക്കൽ റോഡ്,
കുണ്ടന്നൂർ, മരട് പി.ഒ – 682 304,
എറണാകുളം. } പരാതി ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   എഞ്ചിനീയറിംഗ് വിഭാഗം,
   മരട് മുനിസിപ്പാലിറ്റി,
   കുണ്ടന്നൂർ, എറണാകുളം– 682 304.
2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   മരട് മുനിസിപ്പാലിറ്റി,
   മരട്– 682 304, എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 24/09/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 27/03/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 29/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 10/09/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 01/11/2021<br>ഗസ്റ്റ് ഹൗസ്, എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായില്ല (applied)<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.എൻ. വിശ്വംഭരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് നിയമാനുസൃത സമയം കഴിഞ്ഞാണ് പകർപ്പുകൾക്കുള്ള ഫീസ് അടയ്ക്കണമെന്നാവശ്യപ്പെട്ട് മറുപടി ലഭ്യമായതെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും മറുപടി ലഭ്യമാ യില്ലെന്നും മറുപടി നൽകുവാൻ മന:പൂർവ്വം വീഴ്ച വരുത്തിയ ഉദ്യോഗസ്ഥ രിൽ നിന്നും പിഴ ഈടാക്കി നൽകണമെന്നും ടി ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. പരാതി ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 24.09.2020 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) മരട് മുൻസിപാലിറ്റിയിലെ കെ.എൻ. ഷണ്മുഖൻ 15.07.2020 ൽ E2-5520/2020 -ാം നമ്പറായി നൽകിയ പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപ ടികളുടെ ഫയലിന്റെ അന്വേഷണ റിപ്പോർട്ടും, നോട്ടീസ് കൈപ്പറ്റു രസീത്, മറു പടി ഉൾപ്പെടെയുള്ളതിന്റെ പകർപ്പും

2) മറുപടി തന്നെങ്കിൽ നോട്ടീസിൽ നിർദ്ദേശിച്ച പോലെ പ്രവർത്തിച്ചി ട്ടുണ്ടോ എന്ന് പരിശോധിച്ചോ എന്നും

3) നോട്ടീസിലെ നിർദ്ദേശം അനുസരിച്ച് എടുപ്പുകൾ പൊളിച്ചു മാറ്റിയോ എന്നും, അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് എന്നിങ്ങനെ 10 ഇനങ്ങളി ലായുള്ള വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരന്റെ 24.09.2020 ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 22.10.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 03.09.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, 05.05.2021 ൽ കമ്മീഷനിൽ നിന്നും

RIGHT TO INFORMATION

ടി വിഷയത്തിലുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് എതിർകക്ഷിക്ക് അയച്ച നോട്ടീസിൽ, കമ്മീഷൻ മുമ്പാകെ വിശദീകരണം നൽകാൻ കാലതാമസം വന്ന തിനുള്ള വിശദീകരണമാണ്. ടി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് 25.06.2021 ൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണെന്നും എന്നാൽ ടി റിപ്പോർട്ടു പ്രകാരം മറുപടി തയ്യാറാക്കിയത് 19.07.2021 ലാണെന്നും അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിലേക്ക് അയച്ചു എന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതി ക്കാരന്റെ വിവരാവകാശ അപേക്ഷയിലെ എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായി മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. മാത്രവുമല്ല ടി മറുപടി നൽകിയ ഉദ്യോ ഗസ്ഥന്റെ പേര്, ആഫീസ് സീൽ, ഫോൺ നമ്പർ തുടങ്ങിയവ ഒന്നും തന്നെ കാണുന്നില്ല. തികച്ചും അശ്രദ്ധമായും ഉദാസീനമായും വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്ത ഒന്നാം എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു. 01.11.2021 ൽ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിം ഗിൽ പരാതിക്കാരന് ആരോഗ്യപ്രശ്നങ്ങളാൽ ഹാജരാകുവാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ ഹാജരായി മൊഴി നൽകിയിട്ടുള്ളതും ആണ്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 03.09.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, 05.05.2021 ൽ കമ്മീഷ നിൽ നിന്നും ടി വിഷയത്തിന്മേലുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ കത്തിന് 19.07.2021 തീയതി കമ്മീഷനിലേക്ക് റിപ്പോർട്ട് അയച്ചിരുന്നു എന്നാണ്. ടി തീയതിയിൽ ഒരു റിപ്പോർട്ട് കമ്മീഷനിൽ ലഭ്യമായതായി കാണുന്നില്ല. എന്നാൽ ഹിയറിംഗ് വേളയിൽ ടി റിപ്പോർട്ടിന്റെ പകർപ്പ് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്. ടി റിപ്പോർട്ടിൽ പരാതിക്കാ രന്റെ ഓരോ ചോദ്യങ്ങൾക്കുള്ള മറുപടിയും അതിന്റെ വിശദീകരണവും നൽകിയിരിക്കുന്നതായി കാണുന്നു. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷ യിലെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടിയും ആവശ്യപ്പെട്ട രേഖകളും ഈ ഉത്തരവ് ലഭിച്ച് 10 ദിവസങ്ങൾക്കകം തികച്ചും സൗജന്യമായി പരാതിക്കാരന് നൽകി ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 12-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm